Regd

നം. വിബി4/47344/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 11/11/2016

## കുറ്റാരോപണ മെമ്മോ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി. അനിത. എസ്-നെതിരെ നൽകുന്ന കുറ്റാരോപണ മെമ്മോ.

1. താങ്കൾ 15.03.2016-ാം തീയതി മുതൽ നാളിതു വരെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല.

2. ഈ വിഷയം സംബന്ധിച്ച് പരീക്ഷാ ഭവനിൽ നിന്നും താങ്കൾക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും താങ്കളുടെ ഭാഗത്ത് നിന്നും നാളിതു വരെയും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല.

അവധിയനുവദിക്കുന്നതിന് മുമ്പ് താമസ സ്ഥലം വിടുകയും അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും ചെയ്യുന്ന താങ്കളുടെ നടപടി അതീവ ഗുരുതരവും അച്ചടക്ക ലംഘനവുമാണ്. മേൽ സാഹചര്യത്തിൽ താങ്കൾക്കെതിരെ 1960-ലെ കെസിഎസ് (സിസിഎ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഈ വിഷയത്തിൽ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കുറ്റാരോപണ മെമ്മോ കൈപ്പറ്റി 15 ദിവസങ്ങൾക്കുള്ളിൽ താങ്കളുടെ വിശദീകരണം രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് ഈ വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

കുറ്റാരോപണ മെമ്മോയിൽ പ്രതി വാദിച്ചിട്ടുള്ള കുറ്റങ്ങൾക്ക് ആധാരമായ ആരോപണ പത്രിക അന്യത്ര ചേർത്തിരിക്കുന്നു.

**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(ജനറൽ) & വിജിലൻസ് ഓഫീസർ**

1. ശ്രീമതി. അനിത. എസ്. വേലായുധം, കോട്ടുകോണം ഗാർഡൻസ്, പുന്നയ്ക്കാമുഗൾ, ആറാമട. പി. ഒ., തിരുവനന്തപുരം
2. Smt. Anitha S., MD Department Equate, Petrochemicals, Shuaiba, Kuwait

**പകർപ്പ്:-**

1. ജോയിന്റ് കമ്മീഷണർ, പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
2. സൂപ്പർ ചെക്ക് ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
3. സൂപ്രണ്ട്, 'സി' സെക്ഷൻ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
4. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

നം. വിബി4/47344/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 11/11/2016

## ആരോപണ പത്രിക

പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ക്ലാർക്ക് ആയ ശ്രീമതി. അനിത. എസ് എന്ന താങ്കൾ 15.03.2016-ാം തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തതിനാൽ ഇത് ഗുരുതരമായ അച്ചടക്ക ലംഘനമെന്ന് കാണിച്ച് അടിയന്തിരമായി താങ്കളോട് ഓഫീസിൽ നേരിട്ട് ഹാജരാകുവാൻ ആവശ്യപ്പെട്ട് കൊണ്ട് പരീക്ഷാ ഭവനിൽ നിന്നും താങ്കൾക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ടി കത്ത് താങ്കളെ കണ്ടെത്തുവാൻ കഴിയാത്തതിനാൽ ടി ഓഫീസിലേക്ക് മടങ്ങി വന്നിരുന്നു. അവധി അനുവദിക്കുന്നതിന് മുമ്പ് താമസ സ്ഥലം വിടുകയും അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും ചെയ്യുന്ന താങ്കളുടെ നടപടി ഗുരുതരമായ അച്ചടക്ക ലംഘനമെന്ന് കണ്ട്, ഇതു സംബന്ധിച്ച രേഖാമൂലം മറപുടി സമർപ്പിക്കുന്നതിനായി പരീക്ഷാ ഭവനിൽ നിന്നും താങ്കൾക്ക് നോട്ടീസും നൽകിയിരുന്നു. എന്നാൽ നാളിതുവരെയും താങ്കളുടെ ഭാഗത്ത് നിന്നും യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ലാത്തതാകുന്നു. മേൽ കാരണങ്ങളാലാണ് താങ്കൾക്കെതിരായ ഈ ആരോപണ പത്രിക.

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ജനറൽ) & വിജിലൻസ് ഓഫീസർ